
## ഡിജിറ്റൽ മാഗസിൻ



# റൈറ്റ് ക്ലിക്ക്

### ജി എച്ച് എസ് എസ് ആലംപാടി

### ലിറ്റിൽ കൈറ്റ്സ്

**2019 - 2020**

# എഡിറ്റോറിയൽ ബോർഡ്

## ചീഫ് എഡിറ്റർ

ഗീത സി.കെ (ഹെഡ്മിസ്ട്രസ് )

## സ്റ്റാഫ് എഡിറ്റർ

യൂസഫ് ബി.ഐ ( എസ്.ഐ.ടി.സി,കൈറ്റ് മാസ്റ്റർ )

## കോ ഓർഡിനേറ്റർ

ശ്രീന എം (കൈറ്റ് മിസ്ട്രസ് )

## അംഗങ്ങൾ

ഫാത്തിമത്ത് റുമൈസ
മറിയം ജസീല
ജസ്ന പി.ജെ
ആയിഷ ഷഹല
ബദറുന്നീസ എം എ
നഫീസത്തുൽ മിസ്‌രിയ
ഫാത്തിമത്ത് ഫഹ്മ്ദ നസ്റി
ഫാത്തിമത്ത് ജസീല
ആയിഷത്ത് ഷഹല ബി എ
മറിയമ്മത്ത് ജസീല
ഫാത്തിമ എസ് എ
മറിയം തഹ്‌ലിയ ജാസ്മിൻ
ആയിഷത്ത് ഷഹല

## കവർ ഡിസൈനർ

നഫീസത്ത് റസാന
ഫാത്തിമത്ത് അഫ്റ
നഫീസത്ത് മിസ്‌രിയ

# സന്ദേശം



പ്രിയരെ...

ആലംപാടി ഗവൺമെന്റ് വിദ്യാലയത്തിലെ കുട്ടികളുടെ കലാവാസനയുടെയും സർഗാത്മകതയുടെയും ഒരു സമന്വയ സമ്മേളനമാണ് " റൈറ്റ് ക്ലിക്ക് " എന്ന ഈ മാഗസിൻ. സമസ്തമേഖലകളിലും സാങ്കേതികവിദ്യയുടെ അതിപ്രസരമുള്ള ഈ കാലഘട്ടത്തിൽ കുട്ടികളുടെ ഡിജിറ്റൽ യുഗത്തിലേക്കുള്ള ശരിയായ കാൽവെപ്പിനു ഇത്തരം പ്രവർത്തനങ്ങൾ വളരെയേറെ സഹായകമാണ്.

ലിറ്റിൽ കൈറ്റ് അംഗങ്ങളായ വിദ്യാർത്ഥികൾ മുൻകൈയ്യെടുത്ത് പ്രഗത്ഭരായ അധ്യാപകരുടെ മേൽനോട്ടത്തിൽ പിറവിയെടുത്ത ഈ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

ഗീത സി.കെ

ഹെഡ്മിസ്ട്രസ്

# ഉള്ളടക്കം

ആമുഖം.....5
വിദ്യാഭ്യാസമേഖല ഡിജിറ്റൽ ആകുമ്പോൾ.....6
പ്രകൃതിയോട് മാപ്പ്.....10
പ്രപഞ്ചത്തിന്റെ തിരിച്ചടി.....13
ചോർന്നു പോകുന്ന വിവരങ്ങൾ.....15
മനുഷ്യത്വം.....18
നന്മ.....19
ചന്ദ്രപ്രഭ.....21
വൃത്തിയുള്ള കൂട്ടും വീടും.....23
നിലാവ്.....25
ROSE AND THE RED SHOES.....27
മഴക്കാലം.....29
മണ്ടൻ കുഞ്ഞുട്ടൻ.....31
മനുഷ്യനും പരിസ്ഥിതിയും.....33
ആകാശ കാഴ്ചകൾ.....38
അബദ്ധപുരം പിഒ.....41
പ്രളയം; പുതിയൊരദ്ധ്യായം.....42
രാത്രി.....44
യാത്ര.....46
സമയം.....49
കണക്ക് അറിയാത്ത ടീച്ചർ.....50
മുന്നേറാം ഈ ദുരന്തത്തിൽ നിന്ന്.....52
സംപൂജ്യനായ പൂജ്യം.....54
വരകളിലൂടെ.....57

# ആമുഖം

ലിറ്റിൽ കൈറ്റിന്റെ ഒരു സംരംഭം കൂടി പൂവണിയുകയാണ്. സാങ്കേതികവിദ്യയുടെ അതിപ്രസരണം സമൂഹത്തിന്റെ സകല മേഖലകളും കയ്യടക്കുമ്പോൾ വിദ്യാർത്ഥി സമൂഹം അതിന്റെ ഭാഗവാക്കാവുകയാണ്. ഏതൊരു സ്കൂളിനും മികവുകൾ അനേകായിരം ഉണ്ടാവും ജനമധ്യത്തിൽ തുറന്നുകാണിക്കാൻ, വിദ്യാർത്ഥികളുടെ സർഗവാസനകൾ ഉണ്ടാവും ജനത്തോട് വിളിച്ചുപറയാൻ.

വിദ്യാർഥികളുടെ കഴിവുകളും സ്കൂളുകളുടെ മികവുകളും വിദ്യാലയത്തിൻ ചുമരുകൾക്കകത്ത് നിന്ന് പുറം ലോകത്തെ സാധാരണ ജനങ്ങൾക്കിടയിൽ എത്തിക്കാൻ ഏറ്റവും നല്ല മാർഗ്ഗമാണ് സാങ്കേതികവിദ്യ. അതിന്റെ ചുവടുപിടിച്ച് വിദ്യാർത്ഥികളുടെ കലാവാസനകൾ കോർത്തിണക്കി തയ്യാറാക്കിയതാണ് ഈ മാഗസിൻ. സ്കൂളിൽ പ്രവർത്തിച്ചുവരുന്ന ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ആണ് ഇതിന്റെ പരിപൂർണ്ണതക്കു വേണ്ടി പ്രയത്നിച്ചവർ. അവരുടെ നിരന്തര പരിശ്രമ ഫലമാണ് ഈ മാഗസിൻ.

വിവര വിജ്ഞാന വിസ്ഫോടനം നടക്കുന്ന ഈ കാലത്ത് ലോകം നമ്മുടെ വിരൽതുമ്പിൽ നിയന്ത്രിക്കപ്പെടുമ്പോൾ, കൊച്ചുകുട്ടികൾ മുതൽ മുതിർന്നവർ വരെ അതിന്റെ ഉപയോക്താക്കളാണ്. ഏതൊരു വസ്തുവിനും രണ്ടുവശം ഉണ്ട് എന്ന് പറയുന്നതുപോലെ സാങ്കേതികവിദ്യകളും അത്തരത്തിൽ ആണല്ലോ. ആളുകൾക്കിടയിൽ നന്മയും ഐക്യവും സമാധാനവും സന്തോഷവും നൽകുന്ന ശരിയായ ഓപ്ഷനുകൾ തിരഞ്ഞെടുക്കാനാവട്ടെ നമ്മുടെ റൈറ്റ് ക്ലിക്ക്.

# വിദ്യാഭ്യാസമേഖല ഡിജിറ്റൽ ആകുമ്പോൾ



ലോകം നൂതന സാങ്കേതിക വിദ്യകളാൽ അനുദിനം സമ്പുഷ്ടമാകുന്നു. പുത്തൻ സാങ്കേതിക വിദ്യകൾ ഉദയം ചെയ്യുന്നു. അവ ലോകത്തിന്റെ ഏതു ഭാഗത്തും നിമിഷം കൈമാറ്റം ചെയ്യപ്പെടുന്നു. ആളുകൾ അത് ഉപയോഗിക്കാൻ ഇന്ന് പ്രാപ്തരാകുന്നു, അവ സ്വായത്തമാക്കാൻ വെമ്പൽകൊള്ളുന്നു. പുതുതലമുറ എന്നും ഏറ്റവും ആദ്യം കയ്യിലെടുക്കാൻ മത്സരിക്കുന്നു.

സാങ്കേതിക വിദ്യകൾ ഇത്രയധികം വർദ്ധിച്ച് വരുമ്പോഴും അവ ഏതെങ്കിലും ഒരു മേഖലയിൽ ഒതുങ്ങി നിൽക്കുന്നില്ല എന്നതാണ് ഏറ്റവും പ്രധാനം. അതുകൊണ്ട് തന്നെ ഏതൊരു വിഭാഗത്തിനും ഇന്ന് സാങ്കേതിക വിദ്യയോടു മുഖം തിരിഞ്ഞു നിൽക്കാൻ കഴിയുകയില്ല. വിദ്യാഭ്യാസ മേഖലയും സാങ്കേതിക വിദ്യക്ക് വലിയ സ്വീകരണം തന്നെയാണ് നൽകിയിരിക്കുന്നത്. അതിനുള്ള ഏറ്റവും മികച്ച ഉദാഹരണമാണ് KITE (കേരള ഇൻഫ്രാസ്ട്രക്ച്ചർ & ടെക്നോളജി ഫോർ എഡ്യൂക്കേഷൻ )

സമാനതകളില്ലാത്ത ഡിജിറ്റൽ വിപ്ലവമാണ് കേരളത്തിലെ സർക്കാർ വിദ്യാഭ്യാസ മേഖലയിൽ അവർ കാഴ്ചവച്ചു കൊണ്ടിരിക്കുന്നത്. ഇന്ത്യയിലെ മറ്റേതൊരു സംസ്ഥാനത്തെക്കാളും

കേരളം വിദ്യാഭ്യാസ മേഖലയിലെ സാങ്കേതിക വിദ്യയുടെ ഉപയോഗത്തിൽ അസൂയാവഹമായ മുന്നേറ്റമാണ് കാഴ്ചവച്ചു കൊണ്ടിരിക്കുന്നത്. സർക്കാർ വിദ്യാലയങ്ങളെ പഠന മികവിലേക്ക് ഉയർത്തുന്നതിനു വേണ്ടി പഠന ബോധന പ്രവർത്തനങ്ങളിൽ കുട്ടികൾക്കും അധ്യാപകർക്കും സാങ്കേതികവിദ്യ പരിചയപ്പെടുത്തി കൊടുക്കുന്നു. ആശയങ്ങളും മൂല്യങ്ങളും അറിവുകളും കുട്ടികളിലേക്ക് വേഗത്തിലും എളുപ്പത്തിലും അവരുടെ മനസ്സിൽ എന്നും തങ്ങി നിൽക്കുന്ന രീതിയിൽ ദൃശ്യ-ശ്രാവ്യ അകമ്പടിയോടെ കൈമാറ്റം ചെയ്യാൻ സ്മാർട്ട് ക്ലാസ് മുറികൾക്ക് സാധിക്കുന്നു. ഏതു സമയത്തും ക്ലാസുകളെ ലൈവ് ആയി നിലനിർത്തുന്നതിന് എല്ലാ സ്മാർട്ട് ക്ലാസ് മുറികളിലും അതിവേഗ ഇൻറർനെറ്റ് കണക്ഷനുകളും ഇന്ന് എല്ലാ സ്കൂളുകളിലും ലഭ്യമാണ്. ആദ്യഘട്ടത്തിൽ ഹൈസ്കൂൾ തലത്തിൽ ആരംഭിച്ച സാങ്കേതിക വൽക്കരണം ഇന്ന് പ്രൈമറി ക്ലാസുകളിലേക്ക് വ്യാപിച്ചിരിക്കുന്നു. സ്മാർട്ട് ക്ലാസ് മുറികൾക്ക് പുറമേ ഹൈടെക് റൂമുകളും വിശാലമായ ഐടി ലാബുകളും ഇന്ന് സകല വിദ്യാലയങ്ങളിലും സജ്ജമാണ്, എന്ന് വേണ്ട ആധുനികമായ വീഡിയോ കോൺഫറൻസിംഗ് സൗകര്യവും പരീക്ഷണാടിസ്ഥാനത്തിൽ നടത്തി വൻവിജയമായി കഴിഞ്ഞു.



സാങ്കേതിക വിദ്യകൾ സ്കൂളുകളിൽ നടപ്പിലാക്കുമ്പോൾ തന്നെ അവ ഉപയോഗിക്കാൻ

അധ്യാപക സമൂഹത്തെ സജ്ജമാക്കുക കൂടി വേണ്ടതാണ്, അതിനുള്ള വിപുലമായ സജ്ജീകരണങ്ങളാണ് കൈറ്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഇന്ന് മുഴുവൻ അധ്യാപകരും ഇവ ഉപയോഗിക്കാൻ പ്രാപ്തരായിരിക്കുന്നു എന്നത് വളരെ മഹത്തായ കാര്യം തന്നെയാണ്. കേരളത്തിലങ്ങോളമിങ്ങോളം അധ്യാപകരെ കോർത്തിണക്കിക്കൊണ്ടുള്ള ബോധന തന്ത്ര ആസൂത്രണങ്ങളും റിസോഴ്സുകളുടെ നിർമ്മാണവും അധ്യാപകരുടെയും രക്ഷിതാക്കളുടെയും വിരൽതുമ്പിലേക്ക് എത്തിച്ചുകൊടുക്കാൻ 'സമഗ്ര' എന്ന വെബ് സൈറ്റ് തന്നെ നിർമ്മിക്കാൻ സാധിച്ചു എന്നത് ഒരു പൊൻതൂവൽ ആണ്. അവിടെയും അവസാനിക്കുന്നില്ല മികവുകൾ, പഠനബോധന പ്രക്രിയയിൽ കേരളത്തിലെ അധ്യാപകരെയും വിദ്യാർഥികളെയും ഒരേതലത്തിൽ നിലനിർത്തുന്നതിനും പഠനം സുഗമമാക്കുന്നതിനും വേണ്ടി സ്വതന്ത്ര സോഫ്റ്റ്‌വെയറായ ഗ്നു-ലിനക്സ് ന്റെ ഒരു പുതിയ സോഫ്റ്റ്‌വെയർ പതിപ്പ് ഉബണ്ടുവിൽ തയ്യാറാക്കാൻ കൊച്ചു കേരളത്തിലെ അദ്ധ്യാപക ഐടി വിദഗ്ധർക്ക് സാധിച്ചുവെന്നത് ലോകത്തെതന്നെ അമ്പരപ്പിക്കുന്നതാണ്.

വളർന്നുവരുന്ന സാങ്കേതികവിദ്യ ശരിയായ രീതിയിൽ ഉപയോഗിക്കാനും സമൂഹത്തിന് അവയെ ഒരു മുതൽക്കൂട്ടായി മാറ്റാനും സ്വന്തം കരിയർ തന്നെ സാങ്കേതികമായി കെട്ടിപ്പടുക്കാനും ലിറ്റിൽ കൈറ്റ്സ് എന്നപേരിൽ ക്ലബ്ബുകൾ വിദ്യാലയങ്ങളിൽ സജീവമാണ്. ലോകത്തിലെ വമ്പൻ സാങ്കേതികവിദ്യകളെ പരിചയപ്പെടാനും സ്വായത്തമാക്കാനും സാമൂഹ്യ പ്രതിബദ്ധതയോടെ കൈകാര്യം ചെയ്യാനും നമ്മുടെ കുട്ടികളെ പരിശീലിപ്പിക്കുന്നു.

ഏതൊരു സാങ്കേതികവിദ്യയും പൊതുജനങ്ങളിലേക്ക് എത്തപ്പെടുമ്പോഴാണ് അവ സജീവമാകുന്നത്. കേരളത്തിലെ വിദ്യാഭ്യാസ മേഖലയിലെ സാങ്കേതികവിദ്യയും ടെക്സ്റ്റ് ബുക്കുകളിൽ വരുന്ന ക്യൂ ആർ കോഡുകൾ പോലെയുള്ള സങ്കേതങ്ങളും വിദ്യാർഥികൾക്കും രക്ഷിതാക്കൾക്കും ഉപയോഗിക്കാവുന്ന ഇ-റിസോഴ്സുകളും കൈവശമുള്ള സ്മാർട്ട്ഫോണുകളിൽ ഉപയോഗിക്കാനുള്ള പരിശീലനവും ബോധവത്കരണവും തകൃതിയായി നടക്കുന്നുണ്ട്. കൂടാതെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് വേണ്ടി മാത്രം സംപ്രേഷണം ചെയ്യുന്ന വിക്ടേഴ്സ് ചാനലും നമ്മുടെ വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും ഇടയിൽ വലിയ സ്ഥാനം നേടിക്കൊണ്ടിരിക്കുന്നു. ഏതൊരു സ്കൂളിനെ കുറിച്ചും അവിടുത്തെ ഭൗതിക പഠന സാഹചര്യങ്ങളെയും, അധ്യാപകരുടെയും ഓഫീസ് കാര്യങ്ങളുടെയും വിവരവും നേരിട്ട് വ്യക്തികൾക്ക് ലഭ്യമാക്കുന്നതിനായി ഓരോ സ്കൂളിന്റെയും ക്യൂ ആർ കോഡുകൾ സ്കൂൾ കവാടത്തിൽ ഇടംപിടിച്ചു കഴിഞ്ഞു. പൊതുവിദ്യാലയ മികവുകളും വിദ്യാർത്ഥികളുടെ പഠന പാഠ്യേതര മികവുകളും രക്ഷിതാക്കളിലും പൊതുജനങ്ങളിലും നിരന്തരമായി എത്തപ്പെടേണ്ടതുണ്ട് , അതിനായി നമുക്ക് പ്രയത്നിക്കാം.

യൂസഫ് ബി.ഐ

ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ

# പ്രകൃതിയോട് മാപ്പ്


ആഞ്ഞടിക്കുന്ന കടലിന്റെ ശബ്ദം, വീശിയടിക്കുന്ന ചുഴലിക്കാറ്റ് എന്നെ ആരോ കൊല്ലാൻ വരുന്നത് പോലെ എനിക്ക് തോന്നി. ഇത്തരം ഭയാനകമായ കാര്യങ്ങൾ കേട്ട് ഞാൻ വഴുതി വീണു. പെട്ടെന്ന് എന്റെ ഇറുങ്ങി നിൽക്കുന്ന കണ്ണുകൾ വളരെ കഷ്ടപ്പെട്ടു തുറന്നു. അപ്പോഴാണ് മനസ്സിലായത് ഇതെല്ലാം സ്വപ്നമായിരുന്നു. അമ്മയുടെ ആർത്തു വിളി എന്റെ ചെവിയിൽ കൊണ്ടു. കേട്ടത് പോലെ നടിക്കാതെ ഞാനും.



മോളെ ഇന്ന് ഞങ്ങൾക്ക് അമ്മാവന്റെ വീട് വരെ പോവേണ്ടതല്ലെ. അച്ഛൻ റെഡിയായി നിൽക്ക് എന്ന് പറഞ്ഞിട്ടുണ്ട് പോ... വഗം ഒരുങ്ങ്.
എന്റെ ചിന്തകൾ അമ്മാവന്റെ വീട്ടിലേക്കും ആ കൊച്ചു ഗ്രമത്തിലേക്കും അലിഞ്ഞു ചേർന്നു. കുട്ടനാട്ടിലെ ആഴമേറിയ നീല നിറമുള്ള കുളമായിരുന്നു ആദ്യം തന്നെ എന്റെ ഓർമയിൽ വന്നത്. പിന്നീട് പച്ചവിടർന്ന് നിൽക്കുന്ന വയലുകളും പൂമ്പാറ്റകളും തേനീച്ചകളും കൂട്ടം കൂടി പാറി നടക്കുന്ന ആ സുന്ദരമായ തോട്ടങ്ങളും എന്റെ മനസ്സിലേക്ക് പയ്യെ കയറി വന്നു. പെട്ടെന്ന് മനുഷ്യ ചോരകൊണ്ട് വിങ്ങിനിൽക്കുന്ന ഒരു കൊതുക് വന്ന് എന്റെ കാതിൽ ഒന്ന് മൂളി. അമ്മയുടെ വായതുറക്കാൻ ഇടയാക്കാതെ ഞാൻ

കുളിമുറിയിലേക്കു ചെന്നു.സമയം 10 ഞാനും അച്ഛനും അമ്മയും ചേട്ടനും ചേച്ചിയുമെല്ലാം ബസിൽ കയറി. എന്റെ വീട്ടിൽ നിന്നും കുട്ടനാടിലേക്കുള്ള യാത്ര വളരെ ദീർഘമായിരുന്നു. ഞങ്ങൾ വളരെ ക്ഷീണിതരായിരുന്നെങ്കിലും അവിടത്തെ കായലുകളും കുളങ്ങളും വയലുകളും ഓർത്ത് ഞാൻ എന്റെ ക്ഷീണം മാറ്റി വെച്ചു.

അമ്മാവന്റെ വീട്ടിൽ നന്നും വളരെ തിരക്ക് പിടിച്ച് അമ്മാവനോട് അവിടത്തെ പുഴയിലേക്ക് മീൻ പിടിക്കാൻ പോവാൻ ഞാൻ വാശിപിടിച്ചു. ഒടുവിൽ അമ്മാവൻ മനസ്സില്ലാതെ സമ്മതം മൂളി. പുഴകരയിലെത്തിയപ്പോൾ എന്റെ സന്തോഷം കണ്ണീർ തുള്ളികളായി കവിളിൽ ഉറ്റു വീണു. ചപ്പു ചവറുകളാൽ നിറഞ്ഞ് മലിനമായി നിറഞ്ഞിരിക്കുന്ന ഈ കാഴ്ച്ച എന്നെ വല്ലാതെ നിശബ്ദനാക്കി മാറ്റി. പുഴയുടെ അടുത്ത് പോവാൻ പോലും കഴിയാതെ ഞാൻ മൂക്കടച്ചു നിന്നു. അമ്മാവൻ എന്നോട് പറഞ്ഞു, മോളെ കാലം മാറിവരുകയാണ് മനുഷ്യൻ അത് പോലെ തന്നെ. പണ്ടത്തെ തലമുറകൾ പ്രകൃതിയെ വളരെ സ്നേഹപൂർവം ഈ ഭൂമി സ്വന്തം അമ്മയെ പോലെയാണ് നോക്കിയിരുന്നത്. എന്നാൽ ഇന്ന് പുഴകളോ വയലുകളോ, പ്രകൃതിയിലെ ഓരോ



മനോഹാരിതകളെ ഒന്ന് നോക്കുവാൻ പോലും സമയമില്ലാതയായി. കൂടാതെ മനുഷ്യന് ഓരോന്നിനെയും നശിപ്പിക്കാൻ നോക്കുകയാണ്. മരങ്ങൾ വെട്ടിയും കുന്നിടിച്ചും പുഴകളിൽ നിന്ന് പൂഴിവാരിയും ചപ്പു

ചവറുകളെല്ലാം വലിച്ചെറിഞ്ഞും പ്രകൃതിയെ നശിപ്പിക്കുകയാണ്. മോളെ, പുഴകളെ മാത്രമേ നീ കണ്ടുള്ളൂ വയലുകളും തോട്ടവും നീ കാണാതിരിക്കുകയാണ് നല്ലത്. വറ്റി വരണ്ട വയലുകളും പൂക്കളും തേനീച്ചയില്ലാത്ത തോട്ടങ്ങളും നീ കണ്ടാൽ പിന്നെ ഒന്നും പറയണ്ട.



ഞാൻ ചുറ്റുപാടും ഒന്ന് നോക്കി. എന്റെ കണ്ണുകൾ തുടച്ചു. ആകാശം ഇടിഞ്ഞ് വീഴുന്നത് പോലെ എനിക്ക് തോന്നി. കാറ്റുളോ മഴകളോ പൂക്കളോ പുഴകകളോ ഇല്ലാത്ത ഈ ഭൂമിയിൽ എന്തിനാണ് മനുഷ്യൻ പറന്ന് നടക്കുന്നത്. മനുഷ്യന്റെ ഈ ക്രൂരമായ പ്രവർത്തനങ്ങളാണ് ഇന്ന് ഭൂമിയുടെ അവസ്ഥക്ക് കാരണം. ഈ പ്രകൃതിയോട് മാപ്പ് ചോദിക്കുന്നു....

മാപ്പ്, പ്രകൃതിയോട് മാപ്പ്!

ഉഫൈറ

10 B

# പ്രപഞ്ചത്തിന്റെ തിരിച്ചടി



കാടും മലയും  ചൂടിയ കേരളം
ദുരന്തത്തിൻ നാടായി,
പ്രളയമെന്നൊരു ദുരിതാനുഭവം
അനുഭവിക്കുകയായി.
പച്ച വിരിച്ചു നിന്നിരുന്ന
നെൽപ്പാടങ്ങളെല്ലാം,
ഉയർന്നു നിൽക്കുന്ന
കെട്ടിടത്തിന്റെ കുമ്പാരങ്ങളായി.
അനുഭവിക്കും ഇനിയും നാം
ചെയ്ത ക്രൂരതയ്ക്ക് എല്ലാം
ആണിയായി നിലനിന്നിരുന്ന
ഭൂമികളെല്ലാം മണ്ണു മാന്തി
യന്ത്രങ്ങളാൽ തരിശു
ഭൂമികളായി.
ഹിന്ദുമുസൽമാൻ ക്രൈസ്തവരൊക്കെ
കൈക്കോർത്തിണങ്ങി,
അതി ജീവനത്തിന്റെ പാതയിൽ
നിന്ന് കരയിലേക്കണച്ചു.

തഹ്‌ലിയ ജാസ്മിൻ 9 B

## പോസ്റ്റർ




അഹമദ് കബീർ രിഫായി 10 B

# ചോർന്നു പോകുന്ന വിവരങ്ങൾ




പത്രമാധ്യമങ്ങളിൽ പതിവായി കാണുന്ന വാർത്തയാണ് വ്യക്തികളുടെ വിവര ചോർച്ച. അവ നമ്മെ അമ്പരപ്പിക്കുന്നു. ആധുനിക ജീവിതത്തിൽ മാറ്റി നിർത്താൻ പറ്റാത്തതാണ് ഇൻറർനെറ്റും സാമൂഹികമാധ്യമങ്ങളും. പ്രായഭേദമന്യേ എല്ലാ വിഭാഗം ജനങ്ങളും അവയുടെ ഉപയോക്താക്കളാണ്. പൊതുജനങ്ങൾ ഏറെയും ധരിക്കുന്നത് ഇവ സുരക്ഷിതമാണെന്നാണ്. സുരക്ഷിതമാണെന്ന് സർക്കാർ അവകാശപ്പെടുകയും ചെയ്യുന്നുണ്ട്. അതിനുള്ള നിയമങ്ങളും നമ്മുടെ രാജ്യത്ത് നിലവിലുണ്ട്.

ഇന്ന് നമുക്ക് അതിന്റെ സുരക്ഷിതത്വത്തെക്കുറിച്ച് കൂടുതലായി ആലോചിക്കേണ്ടതുണ്ട്. ഏത് മാധ്യമം ഉപയോഗിക്കുമ്പോഴും നല്ലവണ്ണം ശ്രദ്ധിക്കേണ്ടതുണ്ട്. പലതരത്തിലുള്ള ആപ്ലിക്കേഷനുകൾ ഉപയോഗിക്കുന്നവരാണ് നാം. വേണ്ടതിനും വേണ്ടാത്തതിനും ഒക്കെ നമ്മുടെ ഫോണുകളിൽ ആപ്ലിക്കേഷൻ ഇൻസ്റ്റാൾ ചെയ്യുമ്പോൾ അത് തരുന്ന നിർദ്ദേശങ്ങളും നമ്മോട് ചോദിക്കുന്ന അനുവാദങ്ങളും ഒന്ന് വായിച്ചു നോക്കാൻ പോലും നാം മുതിരാറില്ല എന്നതാണ് സത്യം. എല്ലാത്തിനും അനുവാദം നൽകിയാൽ മാത്രമേ അവ നമ്മുടെ ഫോണുകളിൽ

പ്രവർത്തിക്കുകയുള്ളൂ എന്നതുകൊണ്ടുതന്നെ വായിച്ചാലും നാം കാര്യമാക്കാറില്ല. പക്ഷേ അത്തരം ആപ്ലിക്കേഷനുകൾ നമ്മുടെ ഫോണുകളിൽ ഉള്ള വിവരങ്ങൾ ആപ്ലിക്കേഷൻ നിർമ്മാതാക്കൾക്ക് ചോർത്തി നൽകാൻ വരെ കാരണമാകുന്നു. നമ്മൾ ഏറെ വിശ്വാസത്തോടെ ഉപയോഗിക്കുന്ന വാട്സ്ആപ്പ് പോലെയുള്ള ആപ്ലിക്കേഷനുകൾ പോലും സുരക്ഷിതമല്ല എന്ന് അറിയുമ്പോഴാണ് അമ്പരന്നു പോകുന്നത് .



ഇത് ഒരു ഭാഗം മാത്രമാണ്. നമ്മുടെ വ്യക്തി വിവരങ്ങൾക്കപ്പുറത്ത് സമ്പാദ്യവും കവർന്നെടുക്കുമ്പോഴാണ് പലപ്പോഴും പലരും ബോധവാന്മാരാകുന്നത്, അതിന്റെ പ്രശ്നങ്ങൾ തിരിച്ചറിയുന്നത്. ഇവയൊക്കെ നമ്മുടെ അശ്രദ്ധയോ അറിവില്ലായ്മയോ കൊണ്ടാണ് സംഭവിക്കുന്നതെങ്കിൽ ബോധവാന്മാർ ആണെങ്കിൽ പോലും പറ്റിക്കപ്പെടുന്നുണ്ട്. സമൂഹ മാധ്യമങ്ങളിലൂടെ വ്യാജ അക്കൗണ്ടുകൾ നിർമ്മിച്ചും വ്യാജ സന്ദേശങ്ങൾ അയച്ചു കൊടുത്തും ആളുകളെ വിശ്വസിപ്പിക്കുന്നതിൽ അത്തരക്കാർ വിജയിക്കുന്നു. വർദ്ധിച്ച് വരുന്ന ഓൺലൈൻ കച്ചവട ഇടപാടുകളിലും പലപ്പോഴും ആളുകൾ പറ്റിക്കപ്പെടുന്നു.

ഇതിൽ എല്ലാത്തിലുമുപരി അതിവിദഗ്ധ ഹാർക്കർമാരാലുള്ള വിവരച്ചോർച്ച വേറെയും. ഈ രാജ്യത്തെ പൗരന്മാരുടെ വിവരങ്ങളും, രേഖകളും പലപ്പോഴും ഒരു സുരക്ഷിതത്വവും ഇല്ലാതെ ആരുടെയും

കൈകളിലേക്ക് അനായാസം എത്തിപ്പെടുന്നുണ്ട് എന്ന വാർത്തകളും നിരന്തരം നാം കേൾക്കുന്നതാണ്. വിവരസാങ്കേതിക വിദ്യയെ നമുക്ക് ഒരിക്കലും ഒഴിവാക്കാൻ സാധിക്കില്ല അതുകൊണ്ട് തന്നെ അവ ഉപയോഗിക്കുമ്പോൾ നിതാന്തമായ ജാഗ്രത നാം പുലർത്തിയേ മതിയാവൂ .

അബ്ദുൽ റഹ്മാൻ മിഷർ

10 B

# മനുഷ്യത്വം



നാരായണഗുരുവിന്റെ
ആപ്തവാക്യങ്ങൾ ചൊല്ലിപഠിപ്പിച്ചേ
ജാതിചിന്തയകറ്റി
മനുഷ്യജാതിയെക്കുറിച്ചും
മതേതരത്വത്തെക്കുറിച്ചും
പഠിപ്പിച്ചിറങ്ങിയതേയുള്ളു
നവമാധ്യമം തുറന്നപ്പോൾ ഭീഷണി
'പൗരത്വം '
ഹിന്ദുവും മുസൽമാനും ക്രിസ്ത്യനും മീതെ
മനുഷ്യത്വം പഠിപ്പിച്ച മഹാന്മാരുടെ നാട്ടിൽ
ജാതിതിരിവ്.
മതേതര ഇന്ത്യയുടെ
നെഞ്ചിൽ കത്തികയറ്റിയ
ജാതിക്കോമരങ്ങളുടെ ഇടയിൽ
മനുഷ്യത്വം മരവിച്ചിരുന്നു.

ഷീജ ജോഷി
എച്ച്.എസ്.എ മലയാളം

# നന്മ



ഒരിടത്ത് ഒരു പെൺ കുട്ടി ഉണ്ടായിരുന്നു.ആ പെൺ കുട്ടി സ്കൂൾ വിട്ട് വരികയായിരുന്നു.അങ്ങനെ അവൾക്ക് ദാഹിച്ചു അതുകൊണ്ട് അവൾ അവളുടെ ബേഗിൽ നിന്ന് കുപ്പിയെടുത്ത് വെള്ളം കുടിച്ചു. അപ്പോൾ അവൾക്ക് അവിടെ ഒരു ചെടി വെള്ളം കിട്ടാതെ ചത്തുകിടക്കുന്നത് കണ്ടു. അത് ഉണങ്ങിപ്പോയിരുന്നു. അതു കണ്ട് അവൾക്ക് സങ്കടം തോന്നി.

അവൾ ഒരു നല്ല കുട്ടിയുമാണ് അവളുടെ പേര് മിന്നു എന്നാണ് അവൾക്ക് ആ പേര് നല്ല ഇഷ്ടമാണ്.പിന്നെ ആ ഉണങ്ങിപ്പോയ ചെടിക്ക് അവളുടെ കൈയിൽ ഉണ്ടായിരുന്ന വെള്ളത്തിന്റെ കുപ്പിയിൽ നിന്നും വെള്ളം ചെടിക്ക് ഒഴിച്ചു കൊടുത്തു. അത്ഭുതം !ആ ചെടി നല്ല ഒരു ചെടിയായി മാറുകയും അവിടെ അങ്ങനെ ആ മിന്നു എന്ന കുട്ടിക്ക് ആ ചെടി അവളോട് ചിരിക്കുന്നതായി തേന്നി.കാരണം അവൾ ആ ചെടിക്ക് വെള്ളം കൊടുത്തതിന് പകരം അവളേട് നന്ദി പറഞ്ഞതാണ് എന്ന് അവൾക്ക് തോന്നി.

അങ്ങനെ അവൾ വീട്ടിൽ എത്താൻ വൈകി അവളുടെ അമ്മ ചോദിച്ചു നീ എന്താ മോളെ ഇന്ന് സ്കൂൾ വിട്ട് വരുമ്പോൾ വൈകിയത്. അവൾ നടന്ന കാര്യമെല്ലാം അമ്മയോട് പറഞ്ഞു. അമ്മയ്ക്ക് സന്തോഷമയി എന്റെ മകൾ എല്ലാത്തിനും ഒരു നല്ല

കുട്ടിയാണ് എന്ന് മനസ്സിലാക്കി അമ്മ ചിരിച്ച് കൊണ്ട് മിന്നുവിനെ കെട്ടിപ്പിടിച്ച് ചുംബിച്ചു.അവൾക്കും സന്തോഷമായി അവളും അമ്മയ്ക്ക് ഒരു ചുംബനം നൽകുകയും ചെയ്തു.അമ്മ പറഞ്ഞു ഇനി നീ എപ്പോഴും ഇങ്ങനെ തന്നെ ആയിരിക്കണം.മിന്നു പറഞ്ഞു ശരി അമ്മേ.അങ്ങനെ മിന്നുവും അവളുടെ അമ്മയും എപ്പോഴും ആ ചെടിയെ സംരക്ഷിക്കുമായിരുന്നു.

ആ ചെടി വളർന്ന് വലുതായി അങ്ങനെ ആചെടി ഒരു വേപ്പിന്റെ ചെടിയായി മാറി. പിന്നെ അവൾക്ക് അസുഖം വന്നാൽ വേപ്പിന്റെ ചെടി കൊണ്ട് എല്ലാം അസുഖങ്ങൾ മാറും.അങ്ങനെ അവൾ നല്ല ഒരു മിടുക്കി കുട്ടിയായിമാറി.ആ ചെടിയും അവളുടെ കൂടെ തന്നെ ഉണ്ട് ആ ചെടി ഒരു അത്ഭുത ചെടിയുമാണ്.



ഫാത്തിമത്ത് സന

# ചന്ദ്രപ്രഭ



നിലാവിനെ ചുറ്റുമുള്ള നക്ഷത്രത്തെ നോക്കി
കുഞ്ഞുട്ടൻ ചിരിക്കുകയാ...
അമ്മയെന്തേന്നെന്വേഷിക്കുമ്പോൾ
കുഞ്ഞുട്ടൻ പറയുകയാ....
ആ അച്ഛന്നെത്ര കുഞ്ഞുങ്ങളാ
അതിന്റെ ഉടുപ്പെത്ര സുന്ദരം-
അതിന്റെ അമ്മ
എവിടെപ്പോയമ്മെ?
കുഞ്ഞു മോന്റെ ചോദ്യം കേട്ട്
ചിരി വന്ന് അമ്മ പറഞ്ഞു
നിലാവാണ മോനെ-
അതിന്റെ അമ്മയും അച്ഛനും
എന്റെമ്മോ അത്കൊണ്ടാണമ്മെ അതിന്നത്ര പൊക്കം
അമ്മ ചിരിച്ച് പറഞ്ഞു....
അവനെ ഉല്ലസിപ്പിക്കാൻ
അതെ മോനെ എന്ന്
ദിവസം കഴിഞ്ഞപ്പോൾ
കുഞ്ഞുട്ടൻ അമ്മയോട് ചോദിക്കുകയാണ്
ആ നിലാവച്ഛനിൽ നിന്ന്
എന്താ പകുതി പോയിരിക്കുന്നത്.
അതെമ്മെ താഴെ വീണ പോയോ...

ഇല്ലടാ കുഞ്ഞുട്ടാ അതുനിലാവാണ്

അതന്താമ്മേ അതിന്റെ അമ്മ അച്ഛനിൽ-
നിന്നും പിൻമാറിയോ
അതല്ല മോനെ
നീ കുഞ്ഞല്ലെ അതു പഠിച്ച് വരും
കുഞ്ഞു മോന്റെ ശാഠ്യം കാരണം
അമ്മ പറഞ്ഞു

അമ്മയല്ല! അതിൽ നിന്നിറങ്ങിയതച്ഛനാണ്
ജോലിക്ക് പോയിരിക്കുകയാണ് മോനെ

നിന്റെച്ഛനെ പ്പോലെ...

റിഫായി 10 B

# വൃത്തിയുള്ള കൂടും വീടും

കിങ്ങിണിക്കാട്ടിൽ ഒരു പുള്ളിക്കുയിലുണ്ടായിരുന്നു. സ്വന്തമായി കൂടൊരുക്കാതെ മറ്റു പക്ഷികൾ ഉപേക്ഷിച്ച കൂടുകളിലായിരുന്നു അവൾ താമസിച്ചിരുന്നത്.



"അയ്യേ,എന്തൊരു നാറ്റമാണ് ഈ കൂടിന് .....മറ്റൊരു കൂട് കണ്ടെത്തിയേ മതിയാകൂ...."

അവൾ വൈകാതെ മറ്റൊരു കൂട്ടിലെത്തി.....

കുറച്ച് ദിവസങ്ങൾക്ക് ശേഷം....

ഇത് ഏതോ കാക്ക ഉപേക്ഷിച്ചതാണെന്നു തോന്നുന്നു.തൽക്കാലം താമസത്തിന് പറ്റും.

"അയ്യേ,ഈ കൂടും മഹാ വൃത്തികേടായി...മറ്റൊന്ന് കണ്ടെത്തണം."

സത്യത്തിൽ അവൾ തന്നെയാണ് കൂട് വൃത്തിയാക്കാതെ നാശമാക്കിയിരുന്നത്.

അതാ, ഒരു മൂങ്ങ അതിന്റെ കൂട്ടിലൊന്നു പോയി നോക്കാം.

മൂങ്ങമ്മൂമ്മ എന്നെ കൂടി അമ്മൂമ്മയുടെ വീട്ടിൽ താമസിപ്പിക്കാമോ?

അതിനെന്താ കുഞ്ഞേ....വന്നാട്ടേ....

അങ്ങനെ കുയിൽ മൂങ്ങയുടെ മരപ്പൊത്തിൽ താമസം തുടങ്ങി.

"ഇതാണ് ശരിക്കും വൃത്തിയുള്ള കൂട്. എത്ര ദിവസമായി ... ഒരു ദുർഗന്ധവുമില്ല...."

"മൂങ്ങമ്മൂമ്മേ...അമ്മൂമ്മയാണ് ഈ കാട്ടിലെ ഏക വൃത്തിയുള്ള പക്ഷി!"

"അതെന്താ പുള്ളിക്കുയിലേ നിനക്ക് അങ്ങനെ തോന്നാൻ കാര്യം."

പുള്ളിക്കുയിൽ താൻ കൂടുകൾ മാറി താമസിക്കുന്ന കാര്യം മൂങ്ങയെ അറിയിച്ചു.

"ഹ...ഹ...ഹ...നിനക്ക് തെറ്റി പുള്ളിക്കുയിലെ....

നിയാണ് നീ താമസിച്ച ഒരോ കൂട്ടും വൃത്തികേടാക്കുന്നത്."

"ഞാനോ"

"നമ്മൾ തന്നെയാണ് നമ്മുടെ വീട്ടും പരിസരവും വൃത്തിയാക്കേണ്ടത്....

സ്വയം വൃത്തിയാകാതെ ഒന്നും വൃത്തിയാകില്ല.

ഞാൻ എല്ലാ ദിവസവും എന്റെ കൂട് വൃത്തിയാക്കും.


നിയും അങ്ങനെയായിരുന്നെങ്കിൽ ഇത്ര ഏറെ കൂടുകളിൽ നിനക്ക് താമസിക്കേണ്ടി വരില്ലായിരുന്നു......."

ആയിഷത്ത് ഷിബില. കെ എച്ച്.

**5 A**


# നിലാവ്

പ്രണയം നിന്നോട് മാത്രം
തന്റെ കാമുകിയായ ആമ്പലിനെ
കാണാൻ എന്ന മട്ടിൽ
സൂര്യ കിരണങ്ങളെ പിന്നിലാക്കി
പുഞ്ചിരി ളുകി അവൻ വന്നുദിച്ചു



മനനാനുരാഗത്തിൽ എന്ന പോൽ
തന്റെ കാമുകിയോട് അവൻ
വിശേഷങ്ങൾ പറയുകയാണ്
എന്താണാവോ
അവൻ ഇത്രയ്ക്കും സംസാരിക്കുന്നത്
അവർ എങ്ങനെ ഇത്രയ്ക്കും
പിരിയാൻ പറ്റാത്തവിധം അടുത്തു....

പറയാതിരിക്കാൻ വയ്യ....
അവൻ വെള്ളിക്കിണ്ണം പോൽ
ഭൂമിയിലുള്ളവരെ ആകർഷിക്കുകയല്ലെ....
അതിലുപരി മറ്റുള്ളവർക്ക് വെട്ടം പകരുകയും



ആമ്പലിന് തെറ്റ് പറ്റിയില്ല
അതെ! പ്രപഞ്ചത്തിലെ
ഏറ്റവും വലിയ സുന്ദരനെയാണ്
അവൾ കണ്ടത്തിയിരിക്കുന്നത്

ആമ്പലായിരിക്കും ലോകത്തിലെ
ഏറ്റവും വലിയ ഭഗ്യവതി
കാരണം ! അത് പോലൊരു വരനെ
ഇനി മറ്റൊരു പെണ്ണിനും ലഭിക്കില്ല

തൗഫീറ
10B

# ROSE AND THE RED SHOES

once upon a time there was a cobbler whose name was Peter. He had a beautiful daughter
whose name was Rose. Once Peter feel very ill .the doctor advised him to take complete rest for at least six months. so it was very difficult to Peter to work and full fill his day to needs. Rose used to take good care of her father. Rose was fond of wearing different types of shoes.

But now due to her father's illness, she had no shoes to wear. She used to walk bare feet. There was a kind lady. But she had no children of her own. When she knew that Rose was alone in her home, She decided to adopt rose. But she requested rose to throw away her red shoes, as she didn't liked them. Rose was very disappointed but she thought at least she will have a root over her hand and good food to eat so she agreed. The old women treated rose very well. Rose had her own room, a bed to sleep, new clothes to wear, and she even got a new pair of shoes. Now rose started going to school and even made some new friends. She used to study very hard. Rose was happy but some times she still missed her red shoes. Years passed, now rose grew up in to a beautiful young girl.

One day, she was coming back home from the market she saw a rich girl throwing a pair of beautiful red shoes. Rose was very happy to see those shoes. She just grabbed them and came home running to her father. Her father said, throw away these shoes immediately you should never pick up anything from the road. But rose was a stubborn, she simply refused. Rose hid those shoes outside the house and started wearing them every day. After a few days, her father passed

away due to illness. Rose was very sad. Now she all alone. She wear her red shoes and started wandering on the streets every day. An old women used to watch rose.

One day, the old lady took rose for shopping. She brought her new dress, book, bags, and a lot of other things. Finally they went in a shoes shop. As they entered to the shop, rose saw a pair of beautiful red shoes she had, when she was small. But the red shoes were expensive. The old lady said, in the cost of this one and the red shoes are very shinning. You cannot wear them every where. But rose was simply being stubborn I don't want to wear any other shoes I want these red shoes. Finally the old lady hold to buy those red shoes for her. Right now Rose was very happy. On the way back home she was dancing, singing and laughing with Joy. Rose was very happy.

AYSHATH RUFAINA .S.R.

5B

# മഴക്കാലം



ദുഖിച്ചിരിക്കുമ്പോൾ കാണാം ആകാശത്തു-
നിന്നൊരു മനോഹരമായ വർണ്ണത്തുള്ളി
ഭൂമിയിലേക്ക് ഏത്തുന്നത്

ഇത് കാണുമ്പോൾ നമ്മുടെ ഹൃദയം
വേറേതോ ലോകത്ത് പറക്കുന്നത്
പോലെ
എത്ര എത്ര തുള്ളി ച്ചാടി കുളിച്ച
കളിച്ച രസിച്ച കാലം

അമ്മ എത്ര എത്ര വഴക്കിട്ടാലും
നമ്മൾ കളിക്കുമത്രേ വെള്ളത്തിൽ
മഴക്കാലം വന്നാൽ നമ്മുടെ ചുണ്ടിൽ
പൂക്കൾ വിടരും പോലെ പുഞ്ചിരി വിടരും

എല്ലാവരും സന്തോഷിക്കുന്ന
കാലമാണ് മഴക്കാലം
എല്ലാ വരുടേയും ഹൃദയം തുളുമ്പുന്ന
കാലമാണ് മഴക്കാലം

ഫാത്തിമ ഫഹമി
7th B

## "ലഹരി രഹിത ജീവിതം"

## "നിത്യ ഹരിത ജീവിതം"

ലഹരിപദാർത്ഥങ്ങൾ

ഒഴിവാക്കൂ...

ആരോഗ്യത്തോടെ ജീവിക്കൂ..




ലോക

ലഹരി വിരുദ്ധ

ദിനം

**ജൂൺ 26**



അബ്ദുല്ല എ 10 B

# മണ്ടൻ കുഞ്ചുട്ടൻ

കുഞ്ചുട്ടൻ മഹാ മടിയനും മണ്ടനും ആയിരുന്നു. പണിയെടുക്കാതെ എന്നും വെറുതെ കെട്ടണം എന്നാണ് ആഗ്രഹം. മൂക്കുമുട്ടെ തിന്ന് വയറു നിറച്ചു ചടഞ്ഞിരിക്കുന്ന കുഞ്ചുട്ടനെ ഒരുദിവസം അവന്റെ അമ്മ ശകാരിച്ചു പുറത്തിറക്കി വിട്ടു. എന്തെങ്കിലും സൗജന്യമായി കിട്ടുമോ എന്നറിയാൻ അവൻ അങ്ങാടിയിലേക്ക് ഇറങ്ങി.


"അതാ കൃഷി ഓഫീസർ എന്തോ സൗജന്യമായി കൊടുക്കുന്നുണ്ട് "



ഇതുകേട്ടതും കുഞ്ചുട്ടൻ നേരെ കൃഷി ഓഫീസിലെത്തി സങ്കടം ബോധിപ്പിച്ചു; "എനിക്ക് എന്തെങ്കിലും സൗജന്യമായി തരണം", "ശരി ഇവിടെ ഇപ്പോൾ മത്സ്യകൃഷിമാത്രമേ സൗജന്യമായി ഉള്ളൂ കുറച്ചു മീൻ കുഞ്ഞുങ്ങളെ തരാം നന്നായി കൃഷി ചെയ്യണം അടുത്ത മാസം ഞങ്ങൾ വന്നു നോക്കും "

കൃഷി ഓഫീസർ കൊടുത്ത മത്സ്യ കുഞ്ഞുങ്ങളുമായി കഞ്ചുട്ടൻ വീട്ടിലെത്തി. ഒരു മാസം കഴിഞ്ഞ് ഓഫീസർ കുഞ്ചുവിനെ വീട്ടിലെത്തി. കുഞ്ചു പറഞ്ഞു നിങ്ങൾ തന്ന മീൻകുഞ്ഞുങ്ങളെ അന്ന് തന്നെ മണ്ണുമാന്തി കുഴിച്ചിട്ടുണ്ട് ഇതുവരെ ഒന്നു പോലും മുളച്ചില്ല. പറമ്പിലേക്ക് കൈചൂണ്ടി ഉള്ള കുഞ്ചുവിനെ ദയനീയമായ പറച്ചിൽ

കേട്ട് കൃഷിഓഫീസർ അന്തിച്ച നിന്ന ശേഷം അവനെ സമാധാനിപ്പിച്ച കൊണ്ട് പറഞ്ഞു "എടാ കുഞ്ചു മീൻകൃഷി എന്ന് പറഞ്ഞാൽ അവയെ വല്ല കുളത്തിലോ മറ്റോ ഇട്ട് വളർത്തുകയാണ് വേണ്ടത് സാരമില്ല താൻ ഓഫീസിലേക്ക് വാ".



പിറ്റേ ദിവസം ഓഫീസിൽ എത്തിയ കുഞ്ചൂട്ടന് കുറച്ച് കോഴിക്കുഞ്ഞുങ്ങളെ നൽകിക്കൊണ്ട് ഓഫീസർ പറഞ്ഞു ഇത്തവണ കോഴി കൃഷിയാണ്, നല്ലവണ്ണം പരിചരിക്കണം തീറ്റയും കൊടുക്കണം ,ഞാൻ അടുത്ത മാസം തന്നെ വന്ന നോക്കും.

കോഴി കുഞ്ഞുങ്ങളുമായി കുഞ്ചൂട്ടൻ വീട്ടിലെത്തി ഒരു മാസം കഴിഞ്ഞ് ഓഫീസർ കോഴിഫാം കാണാൻ വീട്ടിലെത്തിയപ്പോൾ കുഞ്ചൂട്ടൻ ദുഃഖിതനായി ഇരിക്കുന്നതാണ് കണ്ടത് .നിനക്ക് തന്ന കുഞ്ഞുങ്ങൾ വലുതായോ?

സാറേ... സാർ എന്ന് പറഞ്ഞ പ്രകാരം എല്ലാ കോഴി കുഞ്ഞുങ്ങളെയും അന്ന് തന്നെ ഞാൻ പറമ്പിലെ കുളത്തിൽ ഇട്ടു കൊടുത്തു പക്ഷേ അവ വൈകുന്നേരമായപ്പോഴേക്കും മുങ്ങി ചത്തു ."എടാ മണ്ടാ ,നീയല്ല മണ്ടൻ നിനക്ക് സൗജന്യം തന്നെ ഞാനാണ് മരമണ്ടൻ." ഓഫീസർ പറയുന്നത് എന്തെന്നറിയാതെ കുഞ്ചൂട്ടൻ വീണ്ടും വാ പൊളിച്ച നിന്നു.

മറിയമ്മത്ത് നാഫിയ 8 B

# മനുഷ്യനും പരിസ്ഥിതിയും

നാം ഇന്നു സംരക്ഷിക്കാത്ത നമ്മുടെ പരിസ്ഥിതി നാളെ നമ്മെ സംരക്ഷിക്കുമോ?!!!

മനുഷ്യരാശിനേരിടുന്ന ഒരു പ്രധാന ചോദ്യമാണിത്. ആഗോളതലത്തിൽ തന്നെ കാലാവസ്ഥ വ്യതിയാനം വളരെ രൂക്ഷമായി അനുഭവപ്പെടുന്ന ഒരു സാഹചര്യമാണ് ഇന്നുള്ളത്. മനുഷ്യന്റെ അമിത ചൂഷണം മൂലം മറ്റു ജീവജാലങ്ങൾക്കും ഭൂമിവാസയോഗ്യമല്ലാതവുകയാണ്.ജനസംഖ്യയിൽ ഉണ്ടായ അമിത വർധനവ് കാരണം മനുഷ്യൻ അവന്റെ ആവശ്യങ്ങൾക്കുവേണ്ടി അനിയന്ത്രിതമായി ഭൂമിയിലെ വിവങ്ങളെ ചൂഷണം ചെയ്യുന്നു. ഇതന്റെ പരിണിതഫലം നമുക്ക് താങ്ങാൻ പറ്റുന്നതാണോ?

ആഗോളതലത്തിലുള്ള അന്തരീക്ഷ ഊഷ്മാവ് വർധനവും (1.1 ഡിഗ്രി സെൽഷ്യസ് കൂടിയിട്ടുണ്ടെന്നാണ് ലോക കാലാവസ്ഥാ സംഘടനയുടെ കണക്കു കൂട്ടൽ) ഫോസിൽ ഇന്ധനങ്ങളുടെ അമിതമായ ഉപയോഗവും ജൈവനിലനിൽപ്പിനെ ബാധിക്കുന്ന പ്രധാന ഘടകങ്ങളാണ്. ഇതു തുടർന്നാൽ ഭൂമിയുടെ മരണത്തിന് ഏറേ കാലമൊന്നും കാത്തിരിക്കേണ്ടി വരില്ല.കരയിലെ മാത്രമല്ല , കടലിലെ ചൂടും ക്രമാതീതമായി കൂടുകയാണ്.

150 വർഷം മുമ്പുണ്ടായിരുന്നതിനേക്കൾ 25 ശതമാനത്തോളം അമ്ലം നിറഞ്ഞതായി മാറി നമ്മുടെ കടൽ. ഇത് കടൽ ജിവികളെ മാരകമായി ബാധിച്ചു കൊണ്ടിരിക്കുന്നു.അന്തരീക്ഷ ഊഷ്മാവിൽ ഉണ്ടായ വർധനവ് പോളാറിലുള്ള ഐസ്കട്ട ഉരുകുന്നതിനു

കാരണമാകുന്നു. ഇത് കടൽ ജലനിരപ്പ് ഉയരുന്നതിനും മനുഷ്യനുൾപ്പെടുന്ന ജീവജാലങ്ങളുടെ നാശത്തിനും കാരണമാകുന്നു.

പ്രതിവർഷം 33,000 ടൺ ഐസാണ് ഉരുകിത്തീരുന്നത്.മനുഷ്യന്റെ കണ്ടുപിടിത്തത്തിൽ രൂപപ്പെട്ട മറ്റൊരുവിപത്താണ് പ്ലാസ്റ്റിക്. ഇത് ജീവജാലങ്ങളെ നേരിട്ടും അല്ലാതെയും ഇടച്ചുനീക്കി കൊണ്ടിരിക്കുകയാണ്. പ്ലാസ്റ്റിക് കത്തിക്കുമ്പോൾ ഉണ്ടാകുന്ന ഡയോക്സിൻ മനുഷ്യനെ ഉൾപ്പെടെ മാരകമായി ബാധിക്കുന്നു. ഇപ്രകാരം കരയിലെ ജിവികളെ മാത്രമല്ല കടൽ ജീവജാലങ്ങളുടെ ആമാശയങ്ങൾ പോലും പ്ലാസ്റ്റിക് കുമ്പാരങ്ങളാവുകയാണ് .



നൂറ്റാണ്ടിൽ ഒരിക്കൽ മാത്രം അനുഭവപ്പെട്ടിരുന്ന വെള്ളപ്പൊക്കം,ഉഷ്ണവാതം എന്നിവ അടിക്കടി ആവർത്തിക്കുന്ന കാഴ്ചയാണ് ഇന്നുള്ളത് . ചുഴലിക്കാറ്റും കാട്ടുതീയും ദിനംപ്രതി കണ്ടുവരുന്ന സാഹചര്യമാണ് ഇന്നുള്ളത്. ഭൂമിയുടെ ശ്വാസകോശം തന്നെ കത്തി തീരാറായ അവസ്ഥയാണ് ഇന്നുള്ളത് . വിവിധ കാലാവസ്ഥ വ്യതിയാനം കൊണ്ടും, മലിനീകരണം കൊണ്ടും ശ്വാസം മുട്ടുന്ന നമ്മുടെ ഭൂമിയെ സംരക്ഷിക്കാൻ ഒരു കാലാവസ്ഥ ഉടമ്പടിക്കും സാധിക്കുന്നില്ല എന്നാണ് നാം മനസ്സിലാക്കേണ്ടത് .

പ്രകൃതി സംരക്ഷണം ഓരോ പൗരന്റെയും മൗലിക കർത്തവ്യമാണ്. പ്രകൃതിയെ അറിഞ്ഞ് പെരുമാറിയില്ലെങ്കിൽ ജീവൻ ഭൂമിയിൽ നിന്ന് അപ്രത്യക്ഷമാകാൻ ദശകങ്ങൾ മാത്രമേ വേണ്ടി വരൂ........

**RAJITHA.O.K.UPSA**

## പോസ്റ്റർ




അബ്ദുൽ റഹ്മാൻ മിഷർ **10 B**

# ആകാശ കാഴ്ചകൾ

മാനത്ത് ദുഃഖിച്ചിരിക്കുമ്പോൾ -
കാണാം ആകാശത്തിൽ നിന്നു വരുന്ന
ഒരു തുള്ളി തുള്ളികളാൽ -
ഭൂമിയിൽ ഉറ്റുന്ന
മരങ്ങൾക്കും മൃഗങ്ങൾക്കും മനുഷ്യർക്കും -
സസ്യങ്ങൾക്കും എല്ലാം എല്ലാം മഴത്തുള്ളികൾ
എല്ലാവരെയും സന്തോഷിപ്പിക്കാൻ -
വരുന്നുണ്ടോരു  മഴത്തുള്ളികൾ
പുഴകളിലും കടലിലും തോടുകളിലും
നിറഞ്ഞൊഴുകും മഴത്തുള്ളികൾ.
മഴത്തുള്ളികൾ പോയ ശേഷം കാണാം -
ആകാശത്ത് വരുന്നുണ്ടൊരു മഴവില്ലുകൾ
മഴവില്ലിൻ നിറങ്ങൾ ഏഴാണ്.
മിന്നിത്തിളങ്ങും മഴവില്ലുകൾ
മഴവില്ലിൻ ആദ്യനിറം വയലറ്റാണ്
രണ്ടാം നിറം ഇൻഡിഗോയും ആണ്
മൂന്നാമത്തത് നീലയുമാണ്
നാലാമത്തത് പച്ച നിറവുമാണ്

അഞ്ചാം നിറം മഞ്ഞയാണ്

ആറാം നിറം ഓറഞ്ചാണ്

ഏഴാം നിറം ചുവപ്പാണ്

അങ്ങനെ ഏഴ് നിറമാണ് മഴവില്ലിന്

ഫാത്തിമത്ത് സന

# അബദ്ധപുരം പിഒ



ഒരു നായക്ക് എത്ര കണ്ണുകളുണ്ട്?

വിനയ് പറയൂ........

രണ്ട് കണ്ണുകൾ,

ശരി, നായക്ക് എത്ര കാതുകളുണ്ട് ?

അമീർ പറയൂ ....

രണ്ട്കാതുകൾ,

ഇനി എത്ര കാലുകളുണ്ട് ?

അയ്യോ! ഒരു സംശയം "

ടീച്ചർ ഇതുവരെ നായയെ കണ്ടിട്ടില്ലെ?

ആയിശത്ത് ഷിബില

5 A

# പ്രളയം; പുതിയൊരദ്ധ്യായം



പ്രളയം മലയാളിക്ക് ഒരു ഹരമായി മാറി ക്കൊണ്ടിരിക്കുകയാണ്. തുടർച്ചയായി രണ്ടാം വർഷവും കേരളത്തെ പിടിവിടാതെ പ്രളയം പിടികൂടുന്നു. പ്രകൃതിയോടുള്ള മനുഷ്യന്റെ അത്യാർത്തിയുടെ പരിണിത ഫലം നാം തന്നെ അനുഭവിച്ചു കൊണ്ടിരിക്കുന്നു.

മതമൈത്രിയും അഹിംസയും മറന്ന മലയാളിക്ക് ഒരു പുതിയ അദ്ധ്യായമായാണ് പ്രളയങ്ങൾ കടന്നു വന്നത്. പ്രളയബാധിത പ്രദേങ്ങളിൽ മലയാളികൾ ജാതി മത വർണ്ണ വർഗ്ഗ വംശ വിവേചനത്തിനതീതമായി കൈ കോർത്തു. പതിനായിര ക്കണക്കിന് സഹായ ഹസ്തങ്ങൾ ഉയർന്നു വന്നു. മലയാളിയെന്ന മനുഷ്യരാശിയും അകത്തളങ്ങളിലെവിടെയോ ഒളിച്ചു കിടന്ന മനുഷത്വത്തിന്റെ കണികകൾ വെള്ളമൊന്ന് കുടഞ്ഞപ്പോൾ ഉണർന്നു.

മലയാളി മനുഷ്യ രാശിക്ക് മാതൃകാ സമൂഹമായി മാറി. മനുഷത്ത്വത്തിന്റ ഉത്തമപര്യായങ്ങളായി മാറിയ ജൈസലും നൗഷാദിക്കയും മാത്രമല്ല, ഇവരെ പോലെ ഒട്ടേറെ പേർ മലയാളിക്ക് പാഠങ്ങൾ പകർന്നു നൽകി. മനുഷ്യനെന്ന വംശത്തിന് വേണ്ടി ജീവൻ തന്നെ വെടിയാൻ മലയാളി തയ്യാറായ നിമിഷം; പ്രളയം എന്ന വെള്ളമൊന്നിറങ്ങിയപ്പോൾ മനുഷ്യത്ത്വവും സാഹോദര്യവും മത മൈത്രയും അതോടൊപ്പം കലർന്ന അറബിക്കടലിന്റെ ആഴങ്ങളിലേക്ക് ഊർന്നിറങ്ങി പരിസ്ഥിതി സംരക്ഷണ വാദികൾ പരിസ്ഥിതിനാശകരായി മാറി. ഓന്തിന്റെ പര്യയമായി മലയാളി മാറി. വീണ്ടും കലഹങ്ങളും കൊലപാതകങ്ങളും വർഗീയ തീവ്രവാദികളും താണ്ഡവമാടിയ ദൈവത്തിന്റെ സ്വന്തം നാട് ഒരു യുദ്ധഭൂമിയായി മാറി.

ഉണങ്ങി വരണ്ട തരിശ് ഭൂമിയിലേക്ക് വീണ്ടും പേമാരിയായി വന്ന വെള്ളം പ്രളയമായി കവിഞ്ഞൊഴുകി. വീണ്ടും മനുഷ്യൻ പച്ച പിടിച്ചു തുടങ്ങി. പ്രളയത്തിൽ നിന്നും കര കയറാൻ ഒട്ടേറെ കാര്യങ്ങൾ ഉയർന്നു വന്നു. മനുഷ്യത്ത്വമാം നീരുറവ എന്നന്നേക്കും വറ്റാത്ത ഒരു നീരുറവയായി മാറി ക്കൊണ്ടിരിക്കുന്ന കാഴ്ചയാണ് നാം കണ്ടത്.

നസ്റ 8A

# രാത്രി

മണ്ണിനും വിണ്ണിനും തോഴനായ്
കാറ്റിനും കടലിനും ശൂന്യമായ്
കൗതുകമോർത്ത് നിൽക്കുകയായ്
രാവുമോർത്ത് മുറ്റത്തിറങ്ങി

കാറ്റിന്റെ ഓളങ്ങളിൽ
ദു:ഖങ്ങൾ മനസ്സിനുള്ളിൽ പൊട്ടിയുണർന്നു
ആരോ ആരാരോ സങ്കടങ്ങൾ കേൾക്കു-
നിലാവിനോട് ഒത്തുചേർന്ന് ദു:ഖങ്ങൾ കുറക്കാം

നിലാവുറ്റ രാത്രിയിൽ ഞാൻ മുറ്റത്തിറങ്ങി
അമ്പിളിമാമന്റെ സൗന്ദര്യത്തിൽ
ഞാനൊന്ന് മങ്ങിയിരുന്നു

നീ കേൾക്കുന്നുണ്ടോ ... എൻ സങ്കടങ്ങൾ നിലാവേ-
നീയില്ലാതെ ഈ ഭൂമിയിൽ ആരുള്ളൂസങ്കടം ചൊല്ലാം
നീ മറയല്ലേ നീ മാഞ്ഞുപോവല്ലേ
നീ ഉറങ്ങിയാൽ ഞാൻ തനിച്ചാവും

നീ ഉറങ്ങല്ലേ.... ഈ രാവുകളിൽ....
നിന്നെയോർത്ത് ഞാനിവിടെയിരിക്കുന്നത്
നിൻ നിറം കാണുമ്പോൾ എന്റെ മനസ്സ്
സന്തോഷം കൊണ്ട് ആർപ്പുവിളിപ്പൂ

നിൻ ഹൃദയങ്ങളിൽ ഞാൻണ്ടെങ്കിൽ
നീ മറയാതെ എന്നെ നോക്കിനിൽപ്പൂ
ഈയൊരു ദിവസം നനിക്കായ്
മാറ്റിവയ്ക്കൂ..... മാറ്റിവയ്ക്കൂ

താരങ്ങൾ,വൃക്ഷങ്ങൾ,മരതകങ്ങൾ നിന്നെ-
കാത്തിരിപ്പാണെന്ന് എനിക്കറിയാം
വെളിച്ചമില്ലാതെ പറന്ന് നടക്കുന്ന
പക്ഷികൾക്ക് നിന്നെ വേണമെന്നറിയാം

എങ്കിലും നി വിട്ട് പോവരുതേ...
നിന്നെ കണ്ട് നിൽക്കാനേ എനിക്കാവൂ
നിൻ മിഴി കണ്ടാൽ മാത്രമേ..
ഞാൻ ഉറങ്ങുള്ളൂ...

പോവല്ലേ നീ... പോവല്ലേ നീ
എന്നെ വിട്ട് പോവല്ലേ നീ
നിൻ നിറം എന്നെ തഴുകും
എന്റെ മനസ്സിനേയും

***നിസാമുദ്ദീൻ 10 B***

# യാത്ര

അവിടേക്കായിരുന്നു എന്റെ യാത്ര.



എന്റെ ജീവിതത്തിലെ ഏറ്റവും വലിയ യാത്ര. അതാ ആകാണുന്ന ട്രെയിനിലായിരുന്നു എന്റെ യാത്ര ചുക്........ചുക്...... ട്രെയിൻ അങ്ങ് കുതിച്ച് പായുകയാണ്. അനാഥയായ ഞാൻ എങ്ങോട്ടെന്നില്ലാതെ സഞ്ചരിക്കുകയാണ്.മലകളും കുന്നും കടന്ന് എങ്ങോട്ടന്നില്ലാത്ത യാത്ര. ഒട്ടുവിൽ ഞാൻ കുന്നുകൾ നിറഞ്ഞ ഒരു പ്രദേശം കണ്ടു. പെട്ടന്ന് വണ്ടി അവിടെ ന്നിന്നു. ഞാനിറങ്ങി. അനാഥയായ ഞാൻ വെളിച്ചം എന്ന വഴികാട്ടിയുടെ കൂടെ നടന്നു. ഒരു ബോർഡ് കണ്ടു. എഴുത്തും വായനയും അറിയാത്ത ഞാൻ എങ്ങനെ വായിക്കും.

14 വയസ്സ് പ്രായമുള്ള ഞാൻ എന്നും എന്റെ മനസ്സിന്റെ വിങ്ങലായിരുന്നു. ഞാൻ എന്റെ മുമ്പിൽ വിശാലമായി പരന്നുകിടക്കുന്ന ഭൂമിയെ ഒന്നു നോക്കി. എന്റെ കുറുകെ ആരോ വരുന്നു. ഞാൻ സൂക്ഷിച്ച് നോക്കി.വെള്ള ഷർട്ടും മുണ്ടുമാണ് വേഷം. അയാൾ എന്റെ അടുത്ത് വന്നു ചോദിച്ചു.ഒറ്റക്കാണല്ലേ.... ഞാൻ: അതെ അയാൾ: എന്റെ കൂടെ വരൂ........ നിന്നെ ഞാൻ വളർത്താം. നിനക്കെഴുതാനറിയാമോ? വായിക്കാനോ? ഞാൻ: ഇല്ല!!!എന്റെ സ്വരത്തിൽ ഒരു ഇടർച്ചയുണ്ടായിരിന്നു. അയാൾ എന്നെ വീട്ടിലേക്ക് കൊണ്ടു പോയി. വലുതല്ലെങ്കിലും സൗകര്യമുള്ള വീട്. അവിടെ അയാളും അയാളുടെ ഭാര്യയും മക്കളില്ല. എനിക്ക് ഭക്ഷണം തന്നു പഠിപ്പിച്ചു. വസ്ത്രം തന്നു. സ്കൂളിലേക്ക് അയച്ചു. എന്തു കൊണ്ടും അവരുടെ മകനെ പോലെ. എന്നെ നന്നായി അവർ നോക്കി. എന്റെ കഥകളെല്ലാം ചോദിച്ചറിഞ്ഞു. അച്ഛൻ പുറത്തു പോയ സമയത്ത് ഞാൻ കളിക്കുകയായിരുന്നു. പെട്ടന്ന് എന്നെ നടുക്കുന്ന വിധത്തിലുള്ള ഒരു ശബ്ദം കേട്ടു. ഒരു ആംബുലൻസ് ആയിരുന്നു. പിന്നാലെ അമ്മയുടെ ശബ്ദം എന്നെ കൂടി കൊണ്ടു പോകാമായിരുന്നില്ലെ. ഒരാൾ പറയുന്നത് കേട്ടു. ബാല ചന്ദ്രനാ മരിച്ചത് ആക്സിഡന്റായിരുന്നു. എന്റെ തൊണ്ടയിൽ നിന്നും വികൃതമായൊരു ശബ്ദം പുറത്തു വന്നു. ഇന്നേക്ക് ഒരാഴ്ച്ചകഴിഞ്ഞു.

എനിക്കും അമ്മയ്ക്കും ആരുമില്ലാതെ....... ലോകം അത് മറന്ന് കളഞ്ഞു. ഞാൻ എന്നെ കുറിച്ച് ഓർത്തു. ഞാൻ മരിച്ചാലും ഇതു പോലെ .....ഒരു മാസംതിന്നാനുള്ളത് വീട്ടിലുണ്ടായിരുന്നു. പിന്നെ കടം വാങ്ങി. അത് വീട്ടാനായി ലോൺ എടുത്തു.

ഒരുലക്ഷം രൂപ. ഒരു മാസം കഴിഞ്ഞപ്പോൾ ജപ്തി നോട്ടീസും വന്നു. അമ്മ എന്നെ പീടികയിലേക്ക് അയച്ചു. തിരിച്ച് വരുമ്പോൾ വീട്

*നിശബ്ദമായിരുന്നു. റൂമിലേക്ക് വാതിൽ തുറന്നപ്പോൾ കണ്ടത് അമ്മ...... ഒരു ഫാനിൽ...... തൂങ്ങുന്നതാണ്........ ആരോ എന്നെ വിളിക്കുന്നത് പോലെ തോന്നി. കണ്ണ് തുറന്നു നോക്കുമ്പോൾ കാണുന്നത് അമ്മയെയാണ്. അതേ ഞാൻ കണ്ടത് സ്വപ്നമായിരുന്നു. ഞാൻ ഓടിച്ചെന്ന് അമ്മയെയും അച്ഛനേയും ചേർത്തുപിടിച്ചു. ഞങ്ങളപ്പോൾ ട്രെയിനിനിലായിരുന്നു.*

*കൊയമ്പത്തൂരിലേക്ക് ഇത് സ്വപ്നമാണെന്ന് എനിക്ക് സങ്കൽപ്പിക്കാൻ പോലും കഴിയുന്നില്ല. ഞാൻ ട്രയിനിൽ എപ്പോഴായിരുന്നു ഇറങ്ങിയത്. അറിയില്ല. ആ യാത്രയിലൂടെ ഒരു പാഠം പഠിച്ചു. അത് ഒരു പാഠമാണോ? അതോ ഞാൻ എന്ന സങ്കൽപ്പമോ? അറിയില്ല. അത്എന്താണെന്നാൽ ഓരോ യാത്രയും ഓരോ അനുഭവമാണ്. സാങ്കൽപ്പികമായ ഒരനുഭവം.പിന്നീടൊരിക്കലും ഒരു യാത്രയിലും ഞാൻ ഉറങ്ങിയിട്ടില്ല. ഉറക്കം എന്നാൽ എനിക്ക് ഭയമാണ്. കാരണമില്ലാത്ത ഭയം.ക്രൂരമാം വിധത്തിലുള്ള ഭയം. ഓരോ യാത്രയും ഞാൻ ഉറങ്ങാതെ ആസ്വദിക്കാൻ തുടങ്ങി. പിന്നീടാണ് ഞാൻ ആരാണെന്ന് എനിക്ക് മനസ്സിലായത്. ഞാൻ എന്നത് ഒരു സങ്കൽപ്പമാണ്. യാത്രയിലൂടെയുള്ള സങ്കൽപ്പം.....*

ഫാത്തിമ റുമാന 10B

# സമയം

ക്ലാസായാൽ ക്ലോക്കു വേണം
ക്ലോക്കിനു മൂന്നു സൂചി വേണം
സെക്കന്റെന്നും മിനുറ്റെന്നും
മണിക്കൂറെന്നും .........
പയ്യെ പയ്യെ വരുന്നത്
മണിക്കൂർ  സൂചിയാണെല്ലോ
ഇരുപത്തി നാല് മണിക്കൂർ
ചേർന്നാൽ ദിവസമായി
വേഗത്തിൽ പോകും പക്ഷേ
സെക്കന്റായെത്തും സൂചി
പിന്നാലെ വരുന്നത്
മിനിറ്റു സൂചി ...
അറുപത് സെക്കന്റാണ്
മിനിറ്റൊന്നു മറിയേണം



ഫിറോസ്

4B

# കണക്ക് അറിയാത്ത ടീച്ചർ

**തോ**മസിന് കോട്ടയത്തേക്ക് സ്ഥലം മാറ്റം കിട്ടി. കുടുംബസമേതം അദ്ദേഹം കോട്ടയത്തേക്ക് താമസം മാറി. രണ്ടാം തരത്തിൽ പഠിക്കുന്ന ഷിബിൻ പുതിയ ഒരു സ്കൂളിലേക്ക് പ്രവേശനം നേടി. സ്നേഹം നിറഞ്ഞ ടീച്ചറെയും കൂട്ടുകാരെയും പിരിയേണ്ടി വന്ന അതിൽ അവന് എന്തെന്നറിയാത്ത ദുഃഖം തോന്നി.



പുതിയ സ്കൂളിലെ ടീച്ചർമാരും കൂട്ടുകാരുമായി ഇണങ്ങാൻ അവന് വല്ലാത്ത പ്രയാസം തോന്നി. അപരിചിതത്വം പ്രയാസമുണ്ടാക്കി കൊണ്ടിരുന്നു. ഒരാഴ്ച കഴിഞ്ഞു സ്കൂളിലെ അധ്യാപകരും സഹ വിദ്യാർഥികളുമായി പതുക്കെ പൊരുത്തപ്പെടാൻ തുടങ്ങി.

ഒരുദിവസം അയൽവീട്ടിലെ സുരേഷ് പുതിയ സ്കൂളിനെ പറ്റിയും കൂട്ടുകാരെ പറ്റിയും ചോദിച്ചു.

"കൂട്ടുകാരൊക്കെ ആദ്യം വിചാരിച്ചത് പോലെ അല്ല, ഇപ്പോൾ നന്നായി പെരുമാറുന്നുണ്ട് ".

"ടീച്ചർമാർ ഒക്കെ എങ്ങനെ" ?

"ക്ലാസ് ടീച്ചർ ആണ് കണക്കെടുക്കുന്നത്, പക്ഷേ ടീച്ചർക്ക് കണക്ക് തീരെ അറിയില്ല".

ഇത് കേട്ടപ്പോൾ അച്ഛനും അമ്മയ്ക്കും സുരേഷിനും അത്ഭുതം തോന്നി

"എന്താ മോനെ അങ്ങനെ പറയാൻ"? അവർ ആരാഞ്ഞു.

"ഞാൻ പോയ ദിവസം ടീച്ചർ പറഞ്ഞു അഞ്ചും അഞ്ചും പത്താണെന്ന്, ഇന്നലെ ടീച്ചർ പറഞ്ഞു ആറും നാലും പത്താണെന്ന്, ഇന്ന് ടീച്ചർ പറഞ്ഞു എട്ടും രണ്ടും പത്താണെന്ന്, ഇനി നാളെ പത്ത് എത്രയാണെന്ന് പറയുമെന്ന് ആർക്കറിയാ!.. ടീച്ചർക്ക് തീരെ കണക്കറിയില്ല."

സുരേഷും അച്ഛനും അമ്മയും ഉറക്കെ പൊട്ടിച്ചിരിച്ചു.

ഷൈമ

4 B

# മുന്നേറാം ഈ ദുരന്തത്തിൽ നിന്ന്

ആദ്യ ദിവസങ്ങളിലെ മഴയുടെ വരവും പിന്നീട് മഴയുടെ ശക്തി വർധിക്കുകയും,പുഴകളും തോടുകളും,കുളങ്ങളും കവിഞ്ഞൊഴുകി വീടുകൾ,കെട്ടിടങ്ങൾ എന്നിവയെല്ലാം ഒഴുകിപോയി. എത്രയെറെ അത്ഭുതമായ സംഭവങ്ങൾ.മനിഷ്യൻ അനേകം വർഷങ്ങൾ തപസിരുന്ന് ചെയ്ത എത്രയെറെ കാര്യങ്ങളാണ് ഈ പ്രളയത്തിൽ ഇല്ലാതയത് എന്നത് നമ്മുക്ക് ഊഹിക്കാൻ കഴിയും.കുറ്റങ്ങൾ ചെയ്തവർ,ഇല്ലാതവർ എന്നിങ്ങനെ തരം തിരിക്കാതെ എല്ലവരും ഈ മനുഷത്വം അനുഭവിച്ച അതാണ് സത്യം.



കേരള അമ്മയുടെ മക്കൾ ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് ജാനങ്ങളെ എത്തിച്ച . അവർക്ക് വേണ്ട എല്ല കാര്യസഹായങ്ങളും ചെയ്ത കൊണ്ടുത്തു.

ഇത്രയേറെ പണമുള്ളവർ,എന്തിനും കഴിവില്ലാതെ ഒരു പിടി ഭക്ഷണം പോലും ലഭിക്കാതെ അവർ ഉൾക്കൊണ്ട അവസ്ഥകൾ

എന്നും നമുക്കും ഒരു പാഠമാണ് എന്ന് നമ്മൾ ഓർക്കുക. ഇന്നും ഇതിന്റെ ദുരിതങ്ങൾ നമ്മൾ അനുഭവികുകയാണ്. ഒരുപാട് മാരകമായ രോഗങ്ങൾ, വീടുകൾ ഇല്ലാതെ നിരഹാരമായ ജനങ്ങൾ, തങ്ങളുടെ കുടുംബങ്ങളെ നഷ്ടപ്പെട്ട ജനങ്ങൾ, എല്ലാം നമ്മൾ അനുഭവിക്കുകയാണ്. സർക്കാറിന്റെ നിർദേശപ്രകാരം ഒരുപാട് വിടുകൾ പണിത് ലഭിച്ചിട്ടുണ്ട്. എന്നാൽ മരണം അടഞ്ഞ ജനങ്ങളുടെ ദു:ഖം മായിച്ച് കളയാൻ ഇന്നും നമ്മുക്ക് കഴിയില്ല എന്ന കാര്യം നമ്മൾ ചിന്തിക്കുക.

ഈ പകുതി ദുരന്തം നമ്മൾ അനുഭവിക്കുകയായിരുന്നെകിൽ നമ്മൾക്കും മനസിലാകുമായിരുന്നു അവരുടെ യാതനകളും പ്രയാസങ്ങളും. നമുക്ക് ഇപ്പോൾ ചെയ്യാൻ കഴിയുന്നത് അവർക്ക് എല്ലാ സൗകര്യങ്ങളും നമ്മുടെ കഴിവിന്റെ പരമാവധി ചെയ്യുക എന്നതാണ്. പ്രളയ കേരളം എന്നത് പറയാനും ഓർക്കാനും നമുക്ക് മനസ്സിലക്കാനുമുള്ളതാണ്.

ബദറുന്നീസ

10 B

# സംപൂജ്യനായ പൂജ്യം



ഗുണനത്തിൽ അന്തകൻ സകലനത്തിൽ നിഷ്ക്രിയൻ ഈവിശേഷണ മർഹിക്കുന്ന പൂജ്യനാണ് പൂജ്യം നൂറ്റാണ്ടുകൾക്ക് മുമ്പ് ഭാരതത്തിൽ പിറന്നുവീണ അത്ഭുത പ്രതിഭാസം.

“ഒന്നമല്ല " എന്ന് നാം തെറ്റിധരിക്കുന്ന ഈ പൂജ്യമില്ലാതെ ഗണിത ശാസ്ത്രമില്ല ഗണിത ശാസ്ത്രമില്ലാതെ മറ്റ് ശാസ്ത്രങ്ങളൊന്നും ഇല്ല .

ശാസ്ത്രങ്ങളുടെ റാണിയും കലകളുടെ രാജാവുമായ ഗണിത ശാസ്ത്രത്തിലെ ഏറ്റവും മഹത്തായ കണ്ടുപിടിത്തമണ് പൂജ്യം.നാം അളക്കാൻ ഉപയോഗിക്കുന്ന സ്കെയിൽ ആരംഭിക്കുന്നത് പൂജ്യത്തിൽ ആണ് .മറ്റ് അക്കങ്ങളിൽ നിന്നും വ്യതസ്തമായി പൂജ്യത്തിന് ഒരു ധർമ്മം കുടുതലുണ്ട് ഒരു അക്കമെന്ന നിലയിൽ മറ്റ് അക്കങ്ങളെ പ്പോലെ തന്നെ പൂജ്യവും തന്റെ കൃത്യം നിർവ്വഹിക്കുന്നുണ്ട്.

എന്നാൽ ഏതെങ്കിലും ഒരു സ്ഥാനത്ത് അങ്കമില്ലെങ്കിൽ അവിടെ അക്കമില്ല എന്നുസൂചിപ്പിക്കാനും പൂജ്യം ഉപയോഗിക്കുന്നു.

അഫ്‌ലഹ
4A

## പോസ്റ്റർ





*സുൽഫ 10 B*

**പോസ്റ്റർ**




*നിസാമുദ്ദീൻ        10 B*

# വരകളിലൂടെ....




പ്രേമചന്ദ്രൻ കെ

യു.പി.എസ്.എ




പ്രേമചന്ദ്രൻ കെ

യു.പി.എസ്.എ



ആയിഷത്ത് ജുമാന 7 B



അൽക്ക 6 C



ഫാത്തിമത്ത് ഷംന 5 A



കദീജത്ത് മിൻഹ കെ പി 5 A



ഫാത്തിമത്ത് ഷംന 5 A



ഫാത്തിമത്ത് ഹന 5 A



ആദിൽ 5 A



ഫാത്തിമത്ത് ഹന 5 A




കദീജത്ത് മിൻഹ കെ പി


5 A



മുഹമ്മദ് റാസിക് 5 A

ഫാത്തിമത്ത് അസ്ഹ 5B






ഫാത്തിമത്ത് നാഫിയ ബി കെ 10 B




മറിയം ഹനാന കെ എ 5 B


# ഡിജിറ്റൽ പൂക്കളം




സുൽഫ - 10 B




മറിയം തഹ്‌ലിയ ജാസ്മിൻ - 9 B



ഫാത്തിമത്ത് നാഫിയ - 10 B



അസ്ഹബ് സി.എ - 9 B



അബ്ദുൽ റഹ്മാൻ മിഷർ - 10 B

# ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് 2018 - 2021



ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ



യൂസഫ് ബി.ഐ

ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്



ശ്രീന എം

# നന്ദി...

അവതരണം

ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്

ജി എച്ച് എസ് എസ് ആലംപാടി